രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 10



# തീർത്ഥാടകയായ സഭ

തീർത്ഥാടകയായ സഭ

1. കാനാൻ ദേശം ദൈവരാജ്യത്തിന്റെ പ്രതിരൂപം
2. സഭയുടെ തീർത്ഥാടക സ്വഭാവം
3. ക്രൈസ്തവജീവിതം സ്വർഗീയജീവിതത്തിന്റെ മുന്നനുഭവം
4. മരണം: നിത്യതയുടെ കവാടം
5. തനതുവിധിയും അന്ത്യവിധിയും
6. അന്ത്യവിധിയും മഹത്വീകരണവും
7. നരകം
8. ശുദ്ധീകരണസ്ഥലം
9. സ്വർഗം

## തീർത്ഥാടകയായ സഭ

- അടിമത്തത്തിന്റെ ദുരിതങ്ങളിൽ നിന്നും മോശയുടെയും ജോഷ്വായുടെയും നേതൃത്വത്തിൽ ഇസ്രായേൽ ഒരു തീർത്ഥാടനമായി കാനാൻ എന്ന വാഗ്ദത്തനാട്ടിലേക്ക് നീങ്ങി.

## തീർത്ഥാടകരായ സഭ

### കാനാൻ ദേശം ദൈവരാജ്യത്തിന്റെ പ്രതിരൂപം

- മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമാണ് കാനാൻ ദേശം.

തീർത്ഥാടകയായ സഭ

## സഭയുടെ തീർത്ഥാടക സ്വഭാവം

- ക്രൈസ്തവജീവിതവും ഒരു തീർത്ഥാടനമാണ്.
- പാപത്തിന്റെ അടിമത്തത്തിൽ നിന്നും വിമോചനം നേടി സ്വർഗീയകാനാൻ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനം.
- വരാനിരിക്കുന്ന സ്വർഗഭാഗ്യത്തിൽ പ്രത്യാശവച്ച് മുന്നോട്ട് നീങ്ങുന്നവരാണ് ക്രൈസ്തവർ.
- ഈ പ്രത്യാശയാണ് ക്രൈസ്തവജീവിതത്തിന് അർത്ഥം നൽകുന്നത്.

തീർത്ഥാടകയായ സഭ

## ക്രൈസ്തവജീവിതം സ്വർഗീയജീവിതത്തിന്റെ മുന്നനുഭവം

- നാം മിശിഹായിലും മിശിഹാ നമ്മിലും ആയിരിക്കുന്ന അവസ്ഥയുടെ പൂർണമായ സാക്ഷാത്കാരമാണ് സ്വർഗീയ ജീവിതം.

തീർത്ഥാടകയായ സഭ

## മരണം: നിത്യതയുടെ കവാടം

- ജീവൻ നിലനിർത്തുന്ന ചൈതന്യത്തിന്റെ വേർപെടലാണ് മരണത്തിലൂടെ സംഭവിക്കുന്നത്.
- ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേയ്ക്കു തിരിച്ചുപോവുകയും ചെയ്യും.
- പുതിയനിയമം മരണത്തിന് പുതിയൊരർത്ഥം നൽകുന്നു.
- മരണത്തെ ജയിച്ചടക്കിയ മിശിഹായിലൂടെ നമുക്ക് ശാശ്വതജീവൻ കൈവന്നു.

തീർത്ഥാടകരായ സഭ

# തനതുവിധിയും അന്ത്യവിധിയും

- ആത്മാവ് ശരീരത്തിൽനിന്നും വേർപെടുന്നതിനെയാണ് മരണം എന്നു വിളിക്കുന്നത്.
- ശരീരം മണ്ണിൽ ലയിച്ചുചേരുന്നു.
- ആത്മാവ് ഉടനെ തന്നെ ദൈവതിരുമുമ്പിൽ ഭൂമിയിലെ തന്റെ പ്രവർത്തനങ്ങൾക്കനുസൃതം വിധിക്കപ്പെടുന്നു. ഇതിനെ തനതുവിധിയെന്നു പറയുന്നു.
- നന്മ ചെയ്തവരും തിന്മ ചെയ്തവരും പൂർണ്ണമായി വേർതിരിക്കപ്പെടുന്ന സംഭവമാണ് അന്ത്യവിധി അഥവാ പൊതുവിധി.
- നന്മ ചെയ്തവരെ മഹത്വീകരിക്കുകയും തിന്മ ചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണമായ കർമമാണ് പൊതുവിധി.

തീർത്ഥാടകയായ സഭ

## അന്ത്യവിധിയും മഹത്വീകരണവും

- പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ഈശോ മരിച്ചവരേയും ജീവിക്കുന്നവരെയും വിധിക്കുവാൻ വരുമെന്നുള്ളത് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്.

തീർത്ഥാടകയായ സഭ

## നരകം

- മാരകമായ പാപത്തിൽ ഉറച്ചു നിൽക്കുകയും ഐഹികജീവിതത്തിന്റെ അന്തിമനിമിഷത്തിലും ദൈവത്തെ തിരസ്കരിക്കുകയും ചെയ്യുന്നവർ എന്നേയ്ക്കുമായി പുറന്തള്ളപ്പെടും.
- കഠിനമായ പാപാവസ്ഥയിൽ മരിക്കുന്നവർ നിത്യശിക്ഷ അനുഭവിക്കേണ്ടിവരും എന്നു സഭ പഠിപ്പിക്കുന്നു.

തീർത്ഥാടകയായ സഭ

# ശുദ്ധീകരണസ്ഥലം

- അന്തിമനിമിഷത്തിലെങ്കിലും മാനസാന്തരപ്പെടുകയും എന്നാൽ ദൈവസ്നേഹത്തിന്റെ പൂർണതയിൽ എത്താതെ മരിക്കുകയും ചെയ്തവർക്ക് ശുദ്ധീകരണത്തിലൂടെ പൂർണത പ്രാപിക്കാനായി ദൈവം ഒരവസരം നൽകുന്നു. ഇതിനെയാണ് ശുദ്ധീകരണസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.
- സുറിയാനിയിൽ ബേസ് പൂർക്കാനാ എന്ന് വിളിക്കുന്നു.
- രക്ഷയുടെ ഭവനം എന്നാണ് ഇതിനർത്ഥം.

തീർത്ഥാടകയായ സഭ

## സ്വർഗം

- വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിതലക്ഷ്യമാണ് സ്വർഗം.
- സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശയാണ് ജീവിതത്തിലെ ദു:ഖങ്ങൾക്കും സഹനങ്ങൾക്കും പൂർണമായ അർത്ഥം പകരുന്നത്.
- വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സൽപ്രവൃത്തികളിലൂടെ നമുക്ക് സ്വർഗത്തിലെത്താം.

# എന്റെ തീരുമാനം

മരിച്ചവിശ്വാസികൾക്കു
വേണ്ടി എല്ലാ ദിവസവും
ഞാൻ പ്രാർത്ഥിക്കും.


ഓർക്കാൻ ഒരു
തിരുവചനം
ഞാൻ പോയി
നിങ്ങൾക്ക് സ്ഥലം
ഒരുക്കിക്കഴിയുമ്പോൾ
ഞാൻ ആയിരിക്കുന്നിടത്ത്
നിങ്ങളും
ആയിരിക്കേണ്ടതിന് ഞാൻ
വീണ്ടും വന്ന് നിങ്ങളേയും
കൂട്ടിക്കൊണ്ടുപോകും.

**നമുക്കു പ്രാർത്ഥിക്കാം**

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ മനോഗുണത്താലെ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ.

നിത്യപിതാവേ
കർത്താവിശോമിശിഹായുടെ
വിലതീരാത്ത തിരുരക്തത്തെക്കുറിച്ച്
മരിച്ച വിശ്വാസികളുടെമേൽ
കൃപയാകണമേ.